ഫോറം –IV

(2021–ലെ കേരള നഗര–ഗ്രാമാസൂത്രണ (മാസ്റ്റർ പ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളിലെ ചട്ടം 19(2) കാണുക)

## മട്ടന്നൂർ നഗരസഭ

2016 ലെ കേരള നഗര–ഗ്രാമാസൂത്രണ ആക്ടിന്റെ (2016 ലെ 9–ാം ആക്ട്) 36–ാം വകുപ്പിന്റെ 4–ാം ഉപവകുപ്പ് പ്രകാരം മാസ്റ്റർപ്ലാനിന്റെ കരട് വ്യതിയാനം പ്രസിദ്ധീകരിച്ചത് സംബന്ധിച്ചുള്ള നോട്ടീസ്.

താഴെപ്പറയുന്ന അതിരുകളോടുകൂടിയ തദ്ദേശ ആസൂത്രണ പ്രദേശത്തിന്റെ മാസ്റ്റർ പ്ലാനിന്റെ കരട് വ്യതിയാനം മട്ടന്നൂർ നഗരസഭ പരിഷ്ക്കരണങ്ങളോടുകൂടി സ്വീകരിച്ചത് മട്ടന്നൂർ നഗരസഭയുടെ ഔദ്യോഗിക വെബ് സൈറ്റായ mattannurmunicipality.lsgkerala.gov.in –ൽ 2016 ലെ കേരള നഗര–ഗ്രാമാസൂത്രണ ആക്ടിന്റെ (2016 ലെ) 36–ാം വകുപ്പ് 4–ാം ഉപവകുപ്പ് പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ടെന്ന് ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു.

വടക്ക്: ഇരിക്കൂർ ഗ്രാമപഞ്ചായത്ത്, പടിയൂർ ഗ്രാമപഞ്ചായത്ത്

കിഴക്ക്: കീഴൂർ ചാവശ്ശേരി (ഇരിട്ടി മുനിസിപ്പാലിറ്റി), തില്ലങ്കേരി ഗ്രാമപഞ്ചായത്ത്, മാലൂർ ഗ്രാമപഞ്ചായത്ത്

തെക്ക്: മാങ്ങാട്ടിടം ഗ്രാമപഞ്ചായത്ത്, വേങ്ങാട് ഗ്രാമപഞ്ചായത്ത്,

പടിഞ്ഞാറ്: കൂടാളി ഗ്രാമപഞ്ചായത്ത്, കീഴല്ലൂർ ഗ്രാമപഞ്ചായത്ത്

മാസ്റ്റർപ്ലാനിന്റെ കരട് വ്യതിയാനം വരുന്ന പ്രദേശത്ത് നിലവിലുള്ള വിശദ നഗരാസൂത്രണ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ

എ) അംഗീകരിച്ച വിശദ നഗരാസൂത്രണ പദ്ധതികൾ : ബാധകമല്ല.

ബി) പ്രസിദ്ധീകരിച്ച വിശദ നഗരാസൂത്രണ പദ്ധതികൾ : ബാധകമല്ല.

സി) മാസ്റ്റർപ്ലാനിൽ ഉൾപ്പെടുത്തി റദ്ദാക്കാൻ ഉദ്ദേശിക്കുന്ന വിശദ നഗരാസൂത്രണ പദ്ധതികൾ : ബാധകമല്ല.

ഡി) നിലനിർത്തുന്ന വിശദ നഗരാസൂത്രണ പദ്ധതികൾ : ബാധകമല്ല.

മാസ്റ്റർ പ്ലാനിന്റെ കരട് വ്യതിയാനത്തിന്റെ പകർപ്പ് പ്രവൃത്തി സമയത്ത് പൊതുജനങ്ങൾക്ക് പരിശോധനയ്ക്കായി മട്ടന്നൂർ നഗരസഭ ഓഫീസിലും ലഭ്യമാണ്.

പ്ലാനിൽ താൽപര്യമുള്ള ഏതൊരാൾക്കും ഇതു സംബന്ധിച്ച ആക്ഷേപങ്ങളും അഭിപ്രായങ്ങളും പ്രസിദ്ധീകരണം സംബന്ധിച്ച നോട്ടീസ് ഔദ്യോഗിക ഗസറ്റിൽ വന്ന തീയ്യതി മുതൽ അറുപത് ദിവസത്തിനകം മട്ടന്നൂർ നഗരസഭ സെക്രട്ടറിക്ക് രേഖാമൂലം എഴുതി നൽകാവുന്നതാണ്.

2016 ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ട് (2016 ലെ 9) ന്റെ 61 , 62 വകുപ്പുകൾ പ്രകാരം ബാധകമാകുന്ന നിയന്ത്രണങ്ങൾക്കനുസൃതമല്ലാതെ യാതൊരാളും ഏതെങ്കിലും ഭൂമി വിനിയോഗിക്കുകയോ വിനിയോഗിക്കുവാൻ ഇടയാക്കുകയോ ഏതെങ്കിലും ഭൂവികസനം നടപ്പാക്കുകയോ ഭൂവിനിയോഗത്തിന് മാറ്റം വരുത്തുകയോ ചെയ്യുവാൻ പാടുള്ളതല്ല.

സെക്രട്ടറി
Secretary
Mattanur Municipality

ചെയർമാൻ
N. SHAJITH
Chairman
Mattanur Municipality

മട്ടന്നൂർ

25/07/2026

MUNICIPAL OFFICE MATTANNUR